വിനോദസഞ്ചാര വികസന കോർപ്പറേഷന്റെ റീജിയണൽ ഓഫീസ്

259 (6964) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. ടി. ഡി. സി. നടത്തിയ ടാമിറൻഡ് ഈസി ഹോട്ടൽ പ്രവർത്തനം നിർത്തിയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(ബി) കേരള വിനോദസഞ്ചാര വികസനകോർപ്പറേഷന്റെ (കെ.ടി.ഡി. സി.) റീജിയണൽ ഓഫീസ് പ്രവർത്തിക്കുന്നത് എവിടെയാണെന്ന് വെളിപ്പെടുത്താമോ ;

(സി) മേനക ജംഗ്ഷനിലെ ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിച്ചിരുന്ന റീജിയണൽ ഓഫീസ് കാവടിയിലെ ഹോട്ടൽ കെട്ടിടത്തിലേക്ക് മാറ്റിയത് എന്തു കാരണത്താലാണെന്ന് വ്യക്തമാക്കാമോ ; ഇതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചത് ഏത് തീയതിയിലാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ഒരു ഉന്നത ഉദ്യോഗസ്ഥനും സംഘത്തിനുമുള്ള രാഷ്ട്രീയ സ്വാധീനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ആലപ്പുഴ, തൃശൂർ, എറണാകുളം, കോട്ടയം ജില്ലകളിലെ കെ.ടി.ഡി.സി. പ്രവർത്തനങ്ങളുടെ ഏകോപന ചുമതലയുള്ള ഓഫീസ് തിരികെ മേനക ജംഗ്ഷനിലെ ഷോപ്പിംഗ് കോംപ്ലക്സിലേക്ക് മാറ്റാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കെ.ടി.ഡി.സി. നടത്തിയിരുന്ന കാവടിയിലെ ടാമറിന്റ് ഈസി ഹോട്ടൽ ഒഴികെ മറ്റ് ടാമറിന്റ് ഈസി ഹോട്ടലുകളൊന്നും നിർത്തലാക്കിയിട്ടില്ല. കാവടിയിലെ ടാമറിന്റ് ഈസി ഹോട്ടൽ നഷ്ടത്തിലായതിനാലും പ്രസ്തുത സ്ഥാപനത്തിന്റെ ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിലേക്കായി എടുത്ത പരിശ്രമങ്ങൾ വിജയിക്കാത്തതിനാലുമാണ് കാലടിയിലെ ടാമറിന്റ് ഈസി ഹോട്ടലിന്റെ പ്രവർത്തനം നിർത്തലാക്കിയത്.

(ബി) കെ.ടി.ഡി.സി.-യുടെ റീജിയണൽ ഓഫീസുകൾ താഴെപ്പറയുന്ന സ്ഥലങ്ങളിലാണ് പ്രവർത്തിക്കുന്നത്.

1. റീജിയണൽ ഓഫീസ് (സൗത്ത്), കെ.ടി.ഡി.സി. കോർപ്പറേറ്റ് ഓഫീസ്, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം
2. റീജിയണൽ ഓഫീസ് (സെൻട്രൽ), കെ.ടി.ഡി.സി. വിമിറ്റഡ്, മറ്റൂർ, കൈപ്പറ്റൂർ റോഡ്, കാവടി.
3. റീജിയണൽ ഓഫീസ് (നോർത്ത്), കെ.ടി.ഡി.സി. വിമിറ്റഡ്, മലബാർ മാൻഷൻ, എസ്.എം. സ്ട്രീറ്റ്, കോഴിക്കോട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സ് പുതുക്കിപ്പണിയുന്നതിനും കൂടുതലായി വികസിപ്പിക്കുന്നതിനും തീരുമാനിച്ചതുകൊണ്ടാണ്. ഇതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചത് 8-5-2014-ലാണ്.

(ഡി) ഇല്ല.

(ഇ) പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സിലെ ഷോപ്പിംഗ് ഏരിയ വികസിപ്പിച്ചതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ്

260 (6965) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് നിലവിൽ വന്നത് ഏത് സർക്കാരിന്റെ കാലയളവിലാണ് എന്ന് വിശദമാക്കാമോ ; സർക്കാർ അന്ന് ചെലവഴിച്ച തുക എത്രയെന്നും ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാം ആയിരുന്നുവെന്നും വിശദമാക്കാമോ ; ഇത് സംബന്ധിച്ച് അക്കാലയളവിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിൽ സർക്കാർ വിഭാവനം ചെയ്ത പദ്ധതികൾ എന്തെല്ലാമായിരുന്നു ; പ്രോജക്ടുകളുടെ പകർപ്പ് ലഭ്യമാക്കി വിശദമാക്കാമോ ;

(സി) ക്രാഫ്റ്റ് വില്ലേജിന്റെ രണ്ടാംഘട്ട വികസനം ലക്ഷ്യമാക്കി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടായിരുന്നുവോ ; എങ്കിൽ മാസ്റ്റർ പ്ലാനിന്റെ വിശദാംശം വ്യക്തമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിന്റെ തുടർവികസനത്തിനായി ആവിഷ്കരിച്ച പദ്ധതികളും ചെലവഴിച്ച തുകയും എത്രയെന്ന് വെളിപ്പെടുത്താമോ ;

(ഇ) ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിൽ മ്യൂസിക്കൽ ഫൗണ്ടേഷനും മറ്റ് നൂതന പദ്ധതികളും ആവിഷ്കരിക്കുന്നത് സംബന്ധിച്ച് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ടൂറിസം സെക്രട്ടറി ഉൾപ്പെടെയുള്ളവർ യോഗം ചേർന്നിട്ടുണ്ടായിരുന്നുവോ ; പ്രസ്തുത യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തായിരുന്നു ; മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(എഫ്) പ്രസ്തുത യോഗത്തിന്റെ ധാരണയനുസരിച്ച് ക്രാഫ്റ്റ് വില്ലേജിൽ മ്യൂസിക്കൽ ഫൗണ്ടേഷൻ സ്ഥാപിക്കുന്നതിനായി സമർപ്പിച്ച പദ്ധതി സ്റ്റേറ്റ് ലെവൽ വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്ത് അംഗീകരിച്ചിരുന്നുവോ ; വിശദമാക്കാമോ ;

(ജി) ഇപ്പോൾ പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി വൈകിക്കുന്നതിൽ തടസ്സമെന്താണ് എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly